# I am the Gate
## ഞാൻ ആകുന്നു വാതിൽ

നിങ്ങളിൽ ചെയ്യുന്നവനെന്നും ചെയ്തികളെന്നുമുള്ള ദ്വൈതഭാവങ്ങളില്ല എന്ന് ഒരിക്കൽ നിങ്ങളറിഞ്ഞു കഴിഞ്ഞാൽ, ചെയ്യുന്നവനോ ചെയ്തികളോ അവിടെയില്ല എന്ന്, സംഭവിക്കലുകൾ മാത്രമേ അവിടെയുള്ളു എന്ന് നിങ്ങളറിയും. നിത്യമായ സംഭവിക്കലുകളെക്കുറിച്ചുള്ള ഈ വെളിപാട് ഒരിക്കലവിടെ ഉണ്ടായിക്കഴിഞ്ഞാൽ, അപ്പോഴവിടെ ഭാരമോ, പിരിമുറുക്കമോ ഇല്ലാതാകും. നിങ്ങളുടെ ജനനം ഒരു സംഭവിക്കലാണ്. നിങ്ങളുടെ മരണവും ഒരു സംഭവിക്കലായിരിക്കും. നിങ്ങളുടെ ഇവിടെയുള്ള അസ്തിത്വം ഒരു സംഭവിക്കലാണ്. നിങ്ങളിവിടെ ഇല്ലാതാകുന്നതും ഒരു സംഭവിക്കലായിരിക്കും, നിങ്ങൾ ഒരിടത്തുമില്ല.



"Read Silence Books...
Feel Inner Silence"

Silence
the OSHO bookshop

₹ 220

OSHO

ഞാൻ ആകുന്നു വാതിൽ



# ഓഷോ

299.93 OSH/N
CASMTVK
1 3 2 9

I am the Gate

# ഞാൻ ആകുന്നു വാതിൽ

OSHO

Library TVK
329
SH/N

299.93 OSH/N
CASMTVK
1 3 2 9

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu 676 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1329 Call No. 1329

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Njan Akunnu Vathil
Malayalam Translation Copyright
© 2011 Osho International Foundation.
All rights reserved.

*Translated by*
Ravivarma Raja

*Published by*
SILENCE
the OSHO bookshop
Kingsway Building
Mavoor Road Junction
Kozhikode - 673 001, Kerala.
Tel: +91 495 3292020
Mob: +91 9809644000, +91 9349119640
e-mail:oshobookshop@gmail.com
web:www.oshosilence.com
facebook.com/oshobookshop

In Association with:
OSHO Glimpse
G-51, Panampally Nagar
Kochi - 682 036, Kerala.
Tel: +91 484 4011257
Mob: +91 9388606014, +91 9847045121
email:jeevan@oshoglimpsecochin.com
web:www.oshoglimpsecochin.com

Type Setting
Soumya

Cover Design:- Satheesh Unnikrishnan
*Printed at*
Vibgyor Prints, Puthiyara, Kozhikode
Ph: 0495 2740336

*Edition First*
2011 January
*Edition Second*
2016 October
*Copies*: 1000

for Sale in South Asia only
Original title published as I am the Gate
All Rights Reserved.

OSHO® is a registered trade mark of Osho international foundation, used under license.

No Part of this book may be reproduced or transmitted in any form or by any means electronic or mechanical including photocopying or recording or by any information storage and retrieval system without permission in writting from Osho International Foundation.

# ഓഷോ

# ഞാൻ ആകുന്നു, വാതിൽ

Silence

## ഉൾത്താളുകളിൽ


1. പരമമായ ബോധവും പരമമായ സ്വാതന്ത്ര്യവും .... 05
2. എന്താണ് സന്യാസം ........................................ 29
3. ആ ചക്രത്തിൽനിന്ന് പുറത്തുകടക്കുക .................... 58
4. നിങ്ങളിൽനിന്നുതന്നെ തുടങ്ങുക ............................ 79
5. ഏറ്റവും മഹത്തായ സാഹസികയാത്ര .................. 106
6. കേന്ദ്രത്തിലേക്ക് നീങ്ങുക ........................................ 129
7. സന്യാസദീക്ഷയുടെ രഹസ്യങ്ങൾ .......................156
8. ഒരു ജനൽ തുറക്കുക മാത്രമേവേണ്ടൂ .................... 194
9. ഒരൊറ്റ നിമിഷത്തിൽപോലും അത് സാധ്യമാണ് ....................................231


# 1

# പരമമായ ബോധവും പരമമായ സ്വാതന്ത്ര്യവും

?

*പ്രിയങ്കരനായ ഓഷോ,*

*തികച്ചും വ്യക്തിപരമായ ചില ചോദ്യങ്ങൾ അങ്ങയോട് ചോദിക്കേണ്ടി വന്നതിൽ ആദ്യമായി ഞാൻ അങ്ങയോട് ക്ഷമ ചോദിക്കുന്നു. എന്നാൽ ഇതേ ചോദ്യങ്ങൾ മറ്റു പലരുടെയും ഉള്ളിൽ പുകഞ്ഞുകൊണ്ടിരിക്കുന്നുണ്ട് എന്നെനിക്കു തോന്നുന്നതുകൊണ്ട് മാത്രമാണ് ഞാനിത് ചോദിക്കുന്നത്.*

*അങ്ങ് ആരാണ്? എന്തുകൊണ്ടാണ് അങ്ങ് ഈ ലോകത്തിലേക്ക് വന്നത്? അങ്ങയുടെ ഇവിടത്തെ പ്രവൃത്തി എന്താണ്? എങ്ങനെയാണ് അങ്ങയുടെ പ്രവൃത്തി പൂർത്തീകരിക്കപ്പെടുക?*

ഈ ചോദ്യങ്ങൾ വ്യക്തിപരമാണോ അല്ലയോ എന്നതിവിടെ യാതൊരു വ്യത്യാസവുമുണ്ടാക്കുന്നില്ല. എന്തുകൊണ്ടെന്നാൽ എന്നെ സംബന്ധിച്ചിടത്തോളം വ്യക്തി നിലനിൽക്കുന്നില്ല. ഒരു വ്യക്തി എന്ന നിലയ്ക്ക് പരാമർശിക്കാൻ ആരും തന്നെ അവിടെയില്ല. അതിനാൽ യാതൊരു വ്യക്തിപരമായ ചോദ്യവും നിങ്ങൾക്ക് ചോദിക്കുവാൻ കഴിയില്ല. വാസ്തവത്തിൽ വ്യക്തിപരമായ ചോദ്യങ്ങൾ ചോദിക്കുന്നത് അത്ര മര്യാദകെട്ട കാര്യമൊന്നുമല്ല. എന്നാൽ ഒരു വ്യക്തി അവിടെയുണ്ട് എന്ന് സങ്കൽപ്പിക്കുന്നത് തീർച്ചയായും അഹന്താപരമായ ഒരു കാര്യമാണ്. ഒരു വ്യക്തി അവിടെ നിലനിൽക്കുന്നില്ല. അത് സാങ്കൽപികം മാത്രമാണ്. സത്യത്തിൽ യാതൊരു വ്യക്തിയും അവിടെയില്ല. അല്ലെങ്കിൽ ഒരേയൊരു വ്യക്തി മാത്രമേ അവിടെയുള്ളു, ഒരു വ്യക്തിത്വമുണ്ടെന്ന് അവകാശപ്പെടുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. കാരണം ദൈവത്തിനു മാത്രമേ ഒരു കേന്ദ്രമവിടെയുള്ളു. നമുക്കാർക്കുംതന്നെ അത്തരമൊരു കേന്ദ്രമില്ല.